പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 73 — 04/06/2018 ൽ മറുപടിക്ക്

## ആനപാപ്പാൻമാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ആർ. സുനിൽ കുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | 2010 ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവിനെ തുടർന്ന് സർവ്വീസിൽ പ്രവേശിച്ച ആനപാപ്പാൻമാർക്ക് സർവ്വീസ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | 2010 -നു ശേഷം സ്ഥിര നിയമം നൽകിയിട്ടുളള എല്ലാ ആന പാപ്പാൻമാർക്കും തിരുവിതാംകൂർ ദേവസ്വം ബോർഡ് 2014-ലെ ശമ്പള പരിഷ്കാര പ്രകാരമുളള സർവ്വീസ് ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.<br>കൂടൽ മാണിക്യം, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകൾക്ക് ഈ ഉത്തരവ് ബാധകമല്ല. നേരിട്ട് നിയമനം ലഭിക്കുന്ന എല്ലാ ആന പാപ്പാൻമാർക്കും ഗുരുവായൂർ ദേവസ്വത്തിൽ നിന്നും സർവ്വീസ് ആനുകൂല്യങ്ങൾ നൽകുന്നു. |
| (ബി) | ആന പാപ്പാൻമാരുടെ തസ്തിക ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ; | (ബി) | മലബാർ ദേവസ്വം ബോർഡിലൊഴികെ മറ്റെല്ലാ ദേവസ്വം ബോർഡുകളിലും ആന പാപ്പാൻ തസ്തിക ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുളളതാണ്. |
| (സി) | 2010 ൽ സർവ്വീസിൽ സ്ഥിരപ്പെട്ട ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | (സി) യും (ഡി) ഉം | തിരുവിതാംകൂർ, കൊച്ചി, ഗുരുവായൂർ ദേവസ്വം ബോർഡുകളിൽ അടിസ്ഥാന ശമ്പളത്തിൽ കാലോചിതമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട റൂൾ ഭേദഗതി ചെയ്യുന്നതിനായി നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ